# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

ജി.എൽ.പി.എസ്. പുത്തനങ്ങാടി.

Scanned with OKEN Scanner

# ആമുഖം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ വള്ളുവനാട്ടിൽ അങ്ങാടിപ്പുറത്തിനടുത്ത് സ്ഥിതിചെയ്യുന്ന പ്രദേശമാണ് പുത്തനങ്ങാടി. കിഴക്ക് കുന്നപ്പള്ളിയും പടിഞ്ഞാറ് പുഴക്കാട്ടിരിയും തെക്ക് ചെമ്മലശ്ശേരിയും വടക്ക് വലമ്പൂരുമാണ് അതിരുകൾ.

1954 ൽ പുത്തനങ്ങാടിക്കടുത്ത് മുച്ചിക്കൽ പ്രദേശത്ത് ഒരു താൽക്കാലിക ഷെഡ്ഡിലാണ് പുത്തനങ്ങാടി ജി.എൽ.പി സ്കൂൾ സ്ഥാപിതമായത്. മുസ്ലീം പിന്നോക്കവിഭാഗത്തിലുള്ളവർ ഭൂരിപക്ഷം താമസിച്ചിരുന്ന ഈ പ്രദേശം സാമ്പത്തികമായി അത്രയൊന്നും മെച്ചമല്ലായിരുന്നു. ഈ കാലഘട്ടത്തിൽ ഈ പ്രദേശത്തുള്ള കുട്ടികൾക്ക് പഠനം നടത്താനായി സ്ഥാപിച്ചതായിരുന്നു ഈ വിദ്യാലയം. 12-10-1954 ന് ആദ്യമായി ഈ വിദ്യാലയത്തിൽ പ്രവേശനം നേടിയത് പരിസരത്ത് താമസക്കാരനായ അത്തിക്കൽ കുഞ്ഞലവിയുടെ മകൻ അത്തിക്കൽ ഹസ്സൻ കുട്ടിയാണ്.

ഈ വിദ്യാലയം സ്ഥാപിതമായി ഏകദേശം 3 വർഷം കഴിഞ്ഞപ്പോൾ ഇപ്പോൾ സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ ഒന്നിലേക്ക് വിദ്യാലയം പ്രവർത്തനം മാറ്റപ്പെട്ടു. പ്രാരംഭഘട്ടത്തിൽ നിന്നും വ്യത്യസ്തമായി കുട്ടികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടാകുകയും 12 ഡിവിഷൻ വരെ-

എണ്ണുകയും ചെയ്തിരുന്നു. ആദ്യകാലത്ത് 1 മുതൽ 5 വരെ ക്ലാസുകളുണ്ടായിരുന്നു. പിന്നീട് 1976 ജൂണിൽ പി.ടി.എ യു.പി സ്കൂൾ തൊട്ടടുത്ത് തന്നെ സ്ഥാപിതമായതോടെ ഈ വിദ്യാലയത്തിൽ 1 മുതൽ 4 വരെ ക്ലാസുകൾ നടന്നു വന്നു.

ഈ വിദ്യാലയം ആരംഭിച്ച വർഷം 48 [illegible] പേർ പ്രവേശനം നേടുകയും കുറെ പേർ ഇടക്കു വെച്ച് പഠനം നിർത്തുകയും ചെയ്തിരുന്നു. ആദ്യ കാലത്ത് പഠനത്തിന് വലിയ പ്രാധാന്യം ഈ പ്രദേശത്തുകാർ നൽകിയിരുന്നില്ല. എന്നാൽ ഇന്ന് സ്മിതി മഹി. പുത്തനങ്ങാടി ഗവ. എൽ. പി സ്കൂളിൽ പഠിച്ചവരിൽ പലരും എഞ്ചിനീയർമാർ, ഡോക്ടർമാർ, നേഴ്സുമാർ, പോലീസുകാർ അധ്യാപകർ എന്നിങ്ങനെ പല മേഖലകളിൽ ജോലി-ചെയ്യുന്നു. പുത്തനങ്ങാടി പ്രദേശത്തെ ജനങ്ങളെ സമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ പരമായ മേഖലകളിൽ ഉന്നതിയിലെത്തിക്കുന്നതിന് ഈ വിദ്യാലയം വലിയ പങ്ക് വഹിക്കുന്നു.

# PROFILE

Name of School :- GLPS Puthanangadi.
Name of Revenue district :- Malappuram.
Name of District :- Malappuram
Name of Sub district :- Mankada.
Name of cluster :- GLPS Puthanangadi.
Name of Panchayath :- Angadippuram.
Name of Block :- Perinthalmanna.
Name of Head Master :- N. Muhammed Salim.

Scanned with OKEN Scanner

# അവസ്ഥാവിശകലനം

വിദ്യാലയം സ്ഥാപിച്ച് ആറ് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ആ പ്രദേശത്തിന്റെ സാമൂഹികസാംസ്കാരിക സാമ്പത്തിക മേഖലകളിൽ ഒട്ടനവധി മാറ്റങ്ങൾ വന്നു ചേർന്നിരിക്കുന്നു. പുത്തനങ്ങാടി പള്ളിപ്പടിക്കടുത്ത് വളാഞ്ചേരി റോഡിൽ വലതുഭാഗത്തായി ഈ വിദ്യാലയത്തിന് 55 സെന്റ് സ്ഥലവും 5 കെട്ടിടങ്ങളിലായി 10 ക്ലാസ് മുറികളും ഒരു ഓഫീസ് മുറിയും ഉണ്ട്. 1 മുതൽ 4 വരെ ക്ലാസുകളിൽ 141 കുട്ടികൾ ഈ അധ്യയനവർഷം പഠനം നടത്തുന്നു. സാധാരണക്കാരും കൂലിപ്പണിക്കാരുമായ രക്ഷിതാക്കളുടെ മക്കളാണ് ഈ വിദ്യാലയത്തിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും. ക്ലാസ് മുറികളിൽ ലൈറ്റ്, ഫാൻ, ടൈൽ പതിച്ച നിലം തുടങ്ങി സൗകര്യങ്ങളുണ്ട്. മൂന്നര വയസ്സു മുതൽ കുട്ടികൾക്ക് പഠിക്കുന്നതിനായി പ്രീപ്രൈമറിയിൽ LKG, UKG ക്ലാസുകളും ഈ വിദ്യാലയത്തിനോടനുബന്ധമായി പ്രവർത്തിക്കുന്നു.

ഭൗതികസൗകര്യങ്ങളുടെ കാര്യത്തിൽ ഏറെ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ചില ന്യൂനതകൾ അവശേഷിക്കുന്നു. പുതുതായി നിർമിച്ച രണ്ടു ക്ലാസ് മുറികളിൽ വൈദ്യുതീകരണം ഇതുവരെയും നടന്നിട്ടില്ല.

Scanned with OKEN Scanner

രക്ഷിതാക്കളെ ഒരുമിച്ചിരുത്തി യോഗം നടത്താൻ ഒരു കോൺഫറൻസ് ഹാൾ ഇല്ല എന്നതും മറ്റൊരു ന്യൂനതയാണ്. സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്ന ഈ കാലഘട്ടത്തിൽ ഹൈടെക് ക്ലാസ്മുറികളുടെ അഭാവവും വലിയൊരു പോരായ്മയായി കാണുന്നു. ഓരോ വർഷവും സമഗ്ര വിദ്യാഭ്യാസ പരിപാടിയിലും SSA ക്കും, ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കും ഈ ആവശ്യങ്ങളും നിവേദനങ്ങളും നൽകുന്നതല്ലാതെ നാളിതുവരെ മേൽ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടില്ല.

ശക്തമായ പി.ടി.എ യുടെ അഭാവം ഈ വിദ്യാലയത്തിന്റെ ഭൗതിക അക്കാദമിക പാഠ്യേതര മേഖലകളുടെ വികസനത്തിന് തടസ്സമായി നിൽക്കുന്നുണ്ട്. ഈ പ്രശ്നവും കാലക്രമേണ പരിഹരിക്കേണ്ടതുണ്ട്.

# വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം
## നിലവിലെ അവസ്ഥ.

| | വിഭാഗം | നിലവിലുള്ളത്. | ഇനി ആവശ്യമുള്ളത്. |
|---|---|---|---|
| 1 | ക്ലാസ് മുറി | 8 | Nil |
| 2 | ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 2 | Nil |
| 3 | പെൺകുട്ടികളുടെ ടോയ്‌ലറ്റ്. | 3 | Nil |
| 4 | പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ടോയ്‌ലറ്റ്. | Nil | 1 |
| 5 | പ്രധാന അധ്യാപക മുറി | Nil | 1 |
| 6 | കുടിവെള്ള സൗകര്യം. | പൊതുവായി വാട്ടർ പ്യൂരിഫയർ | Nil |
| 7 | ചുറ്റുമതിൽ | ഉണ്ട് | Nil |
| 8 | കളിസ്ഥലം | മുറ്റം | Nil |
| 9 | റാമ്പ് വിത്ത് റെയിൽ | 2 | 2 |
| 10 | അടുക്കള | 1 | Nil |
| 11 | ഭക്ഷണശാല | ഇല്ല | 1 വേണം |
| 12 | ഗ്യാസ് അടുപ്പും കണക്ഷനും | ഉണ്ട് | Nil |
| 13 | കോൺഫറൻസ് ഹാൾ | ഇല്ല | വേണം |
| 14 | ശാസ്ത്രസാമൂഹ്യശാസ്ത്രഗണിത ലാബ് | ഇല്ല | വേണം |
| 15 | സ്കൂൾ ലൈബ്രറി ഹാൾ | ഇല്ല | വേണം. |

Scanned with OKEN Scanner

# ഐടി· അനുബന്ധസാമഗ്രികൾ

| | വിഭാഗം | നിലവിലുള്ളത് | ആവശ്യ-മുള്ളത് |
|---|---|---|---|
| 1 | ലാപ്ടോപ്പ് | 5 | 3 |
| 2 | പ്രൊജക്ടർ | 2 | 6 |
| 3 | ടി.വി | Nil | 8 |
| 4 | ഇന്റർനെറ്റ് കണക്ഷൻ | ഇല്ല | വേണം |
| 5 | ഇ-മെയിൽ ഐഡി | glpsputhanam-gadi@gmail | |
| 6 | സ്മാർട്ട് ക്ലാസ്റൂം. | – | 8 |
| 7 | പോർട്ടബിൾ സ്പീക്കർ | 1 | - |

2025-26 അധ്യയന വർഷത്തിൽ കുട്ടികളുടെ എണ്ണം.

| ക്ലാസ് | 1 | | 2 | | 3 | | 4 | | Total |
|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | |
| | 15 | 11 | 21 | 13 | 11 | 28 | 24 | 18 | |
| | 26 | | 34 | | 39 | | 42 | | 141 |

# വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും.

## ശക്തി:

1. ആത്മാർത്ഥമായും സേവന മനോഭാവത്തോടെയും പ്രവർത്തിക്കുന്ന പി.ടി.എ, എസ്.എം.സി, എം.ടി.എ.
2. എപ്പോഴും സഹായ മനസ്സവുമായി എത്തുന്ന ജന പ്രതിനിധികൾ.
3. ഐ.ടി അധിഷ്ഠിത പഠന സൗകര്യം. 5 ലാപ്ടോപ്പുകൾ, 2 പ്രൊജക്ടറുകൾ.
4. ഹൈടെക് പ്രീ-പ്രൈമറി
5. ടോയ്‌ലറ്റ് സൗകര്യം
6. ഗ്യാസ് ഉപയോഗിക്കുന്ന വൃത്തിയുള്ള അടുക്കള.
7. പോഷക സമൃദ്ധമായ ഉച്ചഭക്ഷണം.
8. ശാന്തമായ പരിസരം, ശുദ്ധവായു
9. ആധുനിക സൗകര്യങ്ങളോടെയുള്ള ചിൽഡ്രൻസ് പാർക്ക്
10. കുട്ടികളുടെ കായിക പരിശീലനത്തിന് എല്ലാ ക്ലാസിലും Sports kit.

Scanned with OKEN Scanner

## പരിമിതികൾ

1. വലിയ ഗ്രൗണ്ടിന്റെ അപര്യാപ്തത.
2. കോൺഫറൻസ് ഹാളിന്റെ അപര്യാപ്തത
3. ഭക്ഷണ ഹാളിന്റെ അപര്യാപ്തത.
4. ഹൈടെക് ക്ലാസ് മുറികളുടെ കുറവ്.
5. കുട്ടികളെ സ്കൂളിലെത്തിക്കാൻ വിദ്യാലയത്തിന് സ്വന്തമായി വാഹനമില്ലാത്തത്.
6. കുട്ടികൾക്ക് സ്വയം പുസ്തകങ്ങൾ തെരഞ്ഞെടുക്കാനും ഇരുന്ന് വായിക്കുന്നതിനും അനുയോജ്യമായ ലൈബ്രറി ഹാളിന്റെ കുറവ്.
7. ശാസ്ത്ര - ഗണിതശാസ്ത്ര ലാബിന്റെ അപര്യാപ്തത.

Scanned with OKEN Scanner

## പൊതുലക്ഷ്യങ്ങൾ

1. അക്കാദമികപ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.
2. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ നൽകുക.
3. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
4. കുട്ടികളുടെ പഠനത്തിലെ അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ യഥാസമയം നൽകുക.
5. മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ് ഭാഷയിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.
6. ലിംഗ പദവിയും അവസര തുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.
7. പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യനിർമ്മാർജ്ജനാവബോധം, ശാസ്ത്രാവബോധം, എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മാതൃഭാഷ** | | | | |
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കുക. | • ക്ലാസ് ലൈബ്രറി ഒരുക്കൽ | | ക്ലാസ് ടീച്ചർ | PTA Fund. |
| | ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കൽ. | | PTA<br>MPTA | Staff Fund. |
| | → വായനക്കുറിപ്പ് തയ്യാറാക്കൽ (3,4 ക്ലാസുകാർക്ക്) | | | |
| | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന. | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ | |
| | → വായനാമൂല | | ക്ലാസ് ടീച്ചർ | |
| | → വായനോത്സവം | | | |
| | → പിറന്നാളിനൊരു പുസ്തകം | | PTA | |
| | → ക്ലാസിലും അസംബ്ലിയിലും വാർത്താ വായന | | | |
| | • വായനക്കളരി – ദിവസവും അരമണിക്കൂർ വായന. | | ക്ലാസ് ടീച്ചർ | |
| | • പുസ്തക പ്രദർശനം | | PTA | |
| | • സാഹിത്യകാരൻമാരെ പരിചയപ്പെടൽ | | | |
| | • അമ്മ വായന. | | PTA | |
| നേടിയ ആശയങ്ങൾ സ്വതന്ത്രമായി എഴുതി പ്രകടിപ്പിക്കുന്നതിനുള്ള ശേഷി കൈവരിക്കുക. | • സംയുക്ത ഡയറി | | ക്ലാസ് ടീച്ചർ | |
| | • രചനോത്സവം | | PTA | |
| | • പാഠങ്ങളിൽ നിന്നും ബാല സാഹിത്യ കൃതികളിലേക്ക്. | | | |
| | സചിത്ര ഡയറി. | | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കുക.<br>സ്വതന്ത്ര സർഗാത്മക കഴിവുകളുടെ അവതരണം | • ചിത്രങ്ങളിൽ നിന്നും കഥയിലേക്ക്<br>കവിതാ രചന, പാട്ടരങ്ങ്<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ലഘു പതിപ്പുകൾ തയാറാക്കൽ.<br>• ബാലസഭ<br>• കഥാകഥനം, നാടകവിഷ്കാരം, വിദ്യാരംഗം ശിൽപശാല | ജൂലൈ<br>ജൂൺ<br>ജൂലൈ | ക്ലാസ്ടീച്ചർ<br>PTA | PTA |
| ആശയ വിനിമയ ശേഷി വികസിപ്പിക്കുക. | • പ്രസംഗ മത്സരങ്ങൾ<br>• മലയാളത്തിലേക്കം പോലുള്ള നിലവിലെ പദ്ധതികൾ മെച്ചപ്പെടുത്തുക (ശ്രദ്ധ, വിജ്ഞാനസ്പർശം)<br>ലാംഗ്വേജ് ലാബിലെ സാമഗ്രികൾ പരമാവധി പ്രയോജനപ്പെടുത്തുക | സെപ്റ്റംബർ<br>ജൂൺ – മാർച്ച്<br>ജൂലൈ | | |
| ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക. | മലയാളത്തിലെ സാഹിത്യകാരൻമാരെ കുറിച്ചുള്ള വീഡിയോ പ്രദർശനം<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം. | ജൂൺ<br>ജൂൺ – മാർച്ച് | ക്ലാസ്ടീച്ചർ | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം (എല്ലാ ദിവസവും 40 മിനുട്ട്) വിജയ സ്പർശം, ശ്രദ്ധ തുടങ്ങിയ പദ്ധതികൾ. | ജൂൺ – മാർച്ച് | ക്ലാസ്ടീച്ചർ | PTA |
| കുട്ടികളുടെ ചിന്താശേഷി വളർത്തുന്നതിന് | കടങ്കഥാ മത്സരം ക്വിസ് മത്സരങ്ങൾ പഴഞ്ചൊൽ വ്യാഖ്യാനം. | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ | |
| ഗണിതം | | | | |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ. ക്ലാസിലൊരു കട. | ജൂലൈ | | |
| | ഉല്ലാസ ഗണിതത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ ചെയ്യൽ. | ജൂൺ – മാർച്ച് | ക്ലാസ്ടീച്ചർ PTA | |
| | ജി- കോംപ്രിസ് ഗെയിമുകൾ കളിക്കാൻ അവസരം നൽകൽ. | | | PTA |
| ഗണിത പഠനം രസകരമാക്കാൻ. | ഗണിത ലാബ് പഠനോപകരണ ശിൽപശാല ഗണിത കിറ്റ് - മഞ്ചാടിസഞ്ചി ഗണിത പഠനം പ്രകൃതിയിലൂടെ. | ജൂൺ – മാർച്ച് | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | കൃത്യതിക്കണക്കുകൾ അസംബ്ലിയിൽ<br>• ഗണിത ക്വിസ്<br>• ഗണിത പസിൽ<br>• ഗണിത മേള<br>• ദിനാചരണങ്ങൾ<br>• മാത് വിസ് - ഓരോ ആഴ്ചയിലും. | ജൂൺ - മാർച്ച് | | | |
| **ഇംഗ്ലീഷ്** | | | | | |
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | • ഇംഗ്ലീഷ് സംസാരിക്കാൻ അവസരങ്ങൾ നൽകുക. (ദൈനംദിന ക്ലാസ്സും സംഭാഷണങ്ങൾ)<br>• റോൾ പ്ലേ, സ്കിറ്റ് | ജൂൺ - മാർച്ച് | | | |
| ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി ഉപയോഗിക്കാൻ (എഴുത്തും വായനയും) | ചെറിയ ഇംഗ്ലീഷ് കഥാപുസ്തകങ്ങൾ, പത്രം തുടങ്ങിയവ വായിക്കാൻ അവസരമൊരുക്കൽ.<br>ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്തൽ. | | | | |

| | | | | |
|---|---|---|---|---|
| | ചിത്ര വായനയുള്ള അവസരം നൽകുക.<br>• ചിത്രം നോക്കി ലഘു കുറിപ്പുകൾ തയാറാക്കുക.<br>• വായനകാർഡ് തയാറാക്കുക (ശിൽപശാല)<br>• ഇംഗ്ലീഷ് പതിപ്പ്<br>• ഇംഗ്ലീഷ് ഫെസ്റ്റ്<br>• ഇംഗ്ലീഷ് അസംബ്ലി<br>• അസംബ്ലിയിൽ ഇംഗ്ലീഷ് വായന.<br>• ദിനാചരണവുമായി ബന്ധപ്പെട്ട ലഘു പ്രസംഗം.<br>• ഒരു ദിവസം ഒരു വാക്ക് (ലിറ്റിൽ സ്കോളർ)<br>• ലാംഗ്വേജ് ലാബ് | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ<br>PTA | PTA |
| ഇംഗ്ലീഷ് സാഹിത്യ ആസ്വാദനം വളർത്തുക. | • ഇംഗ്ലീഷ് ഡേ<br>• ഇംഗ്ലീഷ് സിനിമയും കാർട്ടൂണും കാണാൻ അവസരം ഒരുക്കുക. | | ക്ലാസ് ടീച്ചർ | |
| സാങ്കേതിക വിദ്യയുടെ ഉപയോഗം. | • ഭാഷാ വികസനത്തിനായി ഇംഗ്ലീഷ് പഠന ആപ്പുകൾ, ഓഡിയോ വീഡിയോ പ്ലാറ്റ് ഫോമുകൾ പ്രയോജനപ്പെടുത്തുക. | | PTA | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| പരിസര പഠനം<br>വിവിധ തരം ആവാസ വ്യവസ്ഥകൾ തിരിച്ചറിയുന്നതിന് | ഫീൽഡ് ട്രിപ്പ് | ജൂലൈ | ക്ലാസ് ടീച്ചർ | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.<br>ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | • സയൻസ് ലാബ് | | | |
| | • പഠനയാത്ര | ജനുവരി | ക്ലാസ് ടീച്ചർ | |
| | • ലഘു പരീക്ഷണ ശിൽപശാല | ഫെബ്രുവരി | PTA | PTA |
| | • അസംബ്ലിയിൽ ഒരു പരീക്ഷണം. | | | |
| | • ശാസ്ത്ര മാജിക് - ശിൽപശാല. | സെപ്റ്റംബർ | | |
| | • സയൻസ് ക്ലബ് പ്രവർത്തനങ്ങൾ. (ശാസ്ത്ര പ്രദർശനം) | ജൂൺ - മാർച്ച് | | |
| ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക. | • നാട്ടിൽ നടക്കുന്ന തെരഞ്ഞെടുപ്പ് രീതികൾ എല്ലാം ഉൾക്കൊണ്ട് സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തുക. | ജൂൺ/ജൂലൈ | ടീച്ചർ<br>HM | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| **ഐ.സി.ടി.** | | | | |
| കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടർ അടക്കമുള്ള വിവരസാങ്കേതിക വിദ്യാസാധ്യത ഉപയോഗിക്കാനുള്ള അവസരമൊരുക്കുക. | • വിഷയാടിസ്ഥാനത്തിൽ കളിപ്പെട്ടിയിലെ പ്രവർത്തനങ്ങൾ ചെയ്യുക.<br>• ദിനാചരണവുമായി ബന്ധപ്പെട്ട് ഡോക്യുമെന്ററി പ്രദർശനം. | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ | |
| **ആരോഗ്യ-കായിക വിദ്യാഭ്യാസം.** | | | | PTA |
| • എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക. | • അസംബ്ലിയിൽ വ്യായാമം<br>• കളികൾ<br>• സുംബ ഡാൻസ്.<br>• കായിക മത്സരങ്ങൾ സംഘടിപ്പിക്കുക. | ജൂൺ – മാർച്ച്<br>സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| ക്യാംപസിനെ മാലിന്യ മുക്തമാക്കൽ. | • ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും തരം തിരിക്കുക.<br>• ഹരിത സഭ.<br>• ശുചിത്വ സർവ്വേ<br>• പോസ്റ്റർ രചന. | ജൂൺ – മാർച്ച് | | |

| | | | | |
|---|---|---|---|---|
| CWSN കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ | • മാച്ചിങ് കാർഡുകൾ<br>• കളറിംഗ് മത്സരം<br>• മഞ്ചാടി സഞ്ചിയിലെ സാധനങ്ങൾ ഉപയോഗിച്ച് സംഖ്യാ ബോധം ഉറപ്പിക്കൽ. | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ | BRC<br>PTA |
| ഗിഫ്റ്റഡ് കുട്ടികൾക്ക് പ്രത്യേകപരിഗണന നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ | • LSS പരിശീലനം<br>• ജി.കെ പരിപോഷണ പരിപാടി (GK Plus)<br>• ക്വിസ് മത്സരങ്ങൾ. | ഒക്ടോബർ<br>ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ | |
| കരകൗശല നിർമാണം | • ഒറിഗാമി<br>• ക്രാഫ്റ്റ് വർക്ക്<br>• പതാക നിർമാണം<br>• പ്രവൃത്തി പരിചയ മേള, പ്രദർശനം. | ജൂൺ – മാർച്ച്<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>PTA | |

# അറബിക്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | അക്ഷരവായന<br>ക്ലാസ് വായന<br>ചിത്ര വായന<br>കഥാ വായന<br>E വായന<br>വായന മത്സരങ്ങൾ<br>മാഗസിൻ വായന<br>അസംബ്ലിയിൽ വായന | ജൂൺ – മാർച്ച് | അധ്യാപകർ<br>PTA | PTA |
| വിദ്യാർത്ഥികളുടെ രചന മികവ് പരിപോഷിപ്പിക്കൽ. | അക്ഷരക്കാർഡ്<br>work book<br>ചാർട്ടെഴുത്ത്<br>ചിത്രകഥാ നിർമ്മാണം<br>ചുമർ പത്രിക.<br>മാഗസിൻ. | ജൂൺ – മാർച്ച് | അധ്യാപകർ<br>PTA | |
| സംസാര നൈപുണി വളർത്തൽ. | • സംഭാഷണങ്ങൾ കേൾപ്പിക്കൽ.<br>• ലാംഗ്വേജ് ഗെയിം<br>• പദ സമ്പത്ത് വർധിപ്പിക്കൽ.<br>• നാടകാവതരണം.<br>• ക്ലാസിലെ ഭാഷ. | | | |
| ഭാഷാ കഴിവ് പരിപോഷിപ്പിക്കൽ. | • അലിഫ് അറബിക്ലബ്<br>• മേളകൾ. | | | |

# ഉപസംഹാരം

ജി. എൽ. പി. എസ്. പുത്തനങ്ങാടിയുടെ ഈ അക്കാദമികമാസ്റ്റർപ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട കൂടുതൽ പ്രവർത്തനങ്ങൾ ഈ അക്കാദമികമാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശത്തിന്റെ തനതുമൂല്യങ്ങൾ സംരക്ഷിക്കപ്പെടാൻ വേണ്ടിയും നൻമകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

Scanned with OKEN Scanner